# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.10-164/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി- 30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2015 – 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) 2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

3)കാര്യാലയ പകർപ്പ്

| | |
|---|---|
| നം. കെ.എസ്. എ.പി.കെ.ഡി.10-164/2017 | തീയ്യതി-30.01.2017 |

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.7.2016 മുതൽ 8.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളി ലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തി ന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-12-2016മുതൽ 22-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശിവപ്രസാദ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | മുഹമ്മദ് ഹിഷാം<br>കെ.സി.ഹരിഗോബിന്ദ്, (9-12-16മുതൽ 22-12-16വരെ അവധിയിൽ) | ഓഡിറ്റർ<br>അസി. ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. കുമാരൻ | 1-4-2015മുതൽ<br>31-10-2015വരെ |
| | അനിത പോൾസൺ | 1-11-2015 മുതൽ<br>31-3-2016വരെ |

| | | |
|---|---|---|
| സെക്രട്ടറി | ഐ. അലി | 1-4-2015മുതൽ 30-11-2015വരെ |
| | ടി. കണ്ണൻ | 1-12-2015മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ജോയ് മുരിങ്ങാത്തേരി | 1-4-2015 മുതൽ 17-6-2015വരെ |
| | വിനോദ് .ഇ.കെ | 18-6-2015മുതൽ 24-7-2015വരെ |
| | അനൂപ് .കെ.എം | 25-7-2015മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മജീഷ് ആന്റണി | 1-4-2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. നിധിൻ പോൾ | 1-4-2015മുതൽ13-12-2015വരെ<br>കൂടാതെ<br>6-12-2015മുതൽ 29-2-2016വരെ |
| | ഡോ. വി.എസ്. സുനിൽ രാജ് | 14-05-2015മുതൽ 9-8-2015വരെ<br>1-9-2015മുതൽ 6-12-2015വരെ<br>1-3-2016മുതൽ 31-3-2016വരെ |
| | ഡോ. പി.റ്റി. ഷെരിഫ ബീഗം | 10-8-2015മുതൽ 31-8-2015വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | യൂ. രാമദാസൻ | 1-4-2015മുതൽ 31-3-2016വരെ |
| വെറ്ററിനറി സർജൻ | വി.എം.സുകുമാരൻ | 1-4-2015മുതൽ 31-3-2016വരെ |
| അസി. സെക്രട്ടറി | കെ.നാരായണൻ | 1-4-2015മുതൽ 31-3-2016വരെ |
| കൃഷി ഓഫീസർ | രശ്മി എം.ബി | 1-4-2015മുതൽ 31-3-2016വരെ |
| ICDS സൂപ്പർവൈസർ | രാജ രാജേശ്വരി അമ്മ | 1-4-2015മുതൽ 31-5-2015വരെ |
| | പാത്തുമത്ത് സുഹ്റ ബീബി | 30-5-2015മുതൽ 31-3-2016വരെ |
| ഹെഡ് മാസ്റ്റർ | ജോളി ആന്റോ | 1-4-2015മുതൽ 31-3-2016വരെ |
| വി.ഇ.ഒ | ഗിരിജ.സി | 1-4-2015മുതൽ 31-3-2016വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരമാനം നം. |
|---|---|---|
| 2015-16 | 30-3-2015 | 1 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 31-7-2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30336132 |
| വരവ് | 70251376 |
| ആകെ | 100587508 |
| ചെലവ് | 89461518 |
| നീക്കിയിരിപ്പ് | 11125990 |

1-5 ഫണ്ട് വിനിയോഗം- 2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3148661 | 3786489+ 7085078(TC) | 14020228 | 13120615+ 899613(TC) | 0 |
| വികസനഫണ്ട് എസ്.സി.പി. | 2882897 | 6712825 | 9595722 | 8998664+ 597058(TC) | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 45000 | 45000 | 45000(TC) | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 570347 | 12249060 | 12819407 | 12598734+<br>220673(TC) | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 711350 | 2928082 | 3639432 | 3860105+<br>220673(TC) | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2100901 | 6840135 | 8941036 | 6819478+<br>2121558(TC) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4611554 | 4278148 | 8889702 | 4523240+<br>4366462(TC) | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 13426 | 398691 | 412117 | 411231 | 886 |
| ബി.ഫണ്ട് | 0 | 2039703 | 2039703 | 2039703 | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 258 | 90079955 | 203 | 61561083 | 55 | 79 |

1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8701455 | 9045333 | 343878 | 4 |
| നികുതിയേതര വരവുകൾ | 4260767 | 4342932 | 82165 | 2 |
| ആകെ | 12962222 | 13388265 | 426043 | 3 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ മുകളിൽ ചേർത്ത പ്രകാരം 3ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8220210 | 1041 |
| വിധവാപെൻഷൻ | 328920 | 209 |
| വാർദ്ധക്യകാലപെൻഷൻ | 13180960 | 1286 |
| വികലാംഗപെൻഷൻ | 3492330 | 318 |
| അവിവാഹിത പെൻഷൻ | 947520 | 90 |
| തൊഴിൽ രഹിത വേതനം | 1372050 | 1660 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 62244 /- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ സെക്ഷനുകളിൽ പേഴ്സണൽ റജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. അറ്റൻഡൻസ് റജിസ്റ്ററിൽ ചില കോളങ്ങൾ ഒപ്പുകൾ രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു. പഞ്ചായത്തിൽ ജീവനക്കാരുടെ ഇൻക്യുബൻസി റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതി നാൽ സ്ഥലം മാറിപ്പോയതും റിട്ടയർ ചെയ്തതുമായ ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമകുന്നില്ല.

മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-16 | 1.10.2016 to 31.10.2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-1-2006മുതൽ 14-2-2006വരെ | 1997-98 മുതൽ 2004-05 | 31-3-06 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക

പഞ്ചായത്തിന്റെ കീഴിലുള്ള 85 കുടിവെള്ള പദ്ധതികളിലായി ആകെ 2125 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.ആയതിൽ നിന്നുമുള്ള വെള്ളക്കരം ഇനത്തിൽ 2015-16 സാമ്പത്തിക വർഷാവസാനത്തിൽ പഞ്ചായത്തിന് ചുവടെ ചേർക്കുന്ന പ്രകാരം 26,18,127 രൂപയുടെ ഭീമമായ കുടിശ്ശിക നില നിൽക്കുന്നുണ്ട്.

| | |
|---|---|
| മുൻവർഷങ്ങളിലെ കുടിശ്ശിക | 20,39,427 |
| 2015-16 വർഷത്തെ കുടിശ്ശിക | 5,78,700 |
| ആകെ കുടിശ്ശിക | 26,18,127 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്താക്കൾക്ക ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും,നോട്ടീസ് കൈപറ്റിയിട്ടും കുടിശ്ശിക അടവാക്കാത്ത ഗുണഭോക്താക്കളുടെ കുടിവെള്ള കണക്ഷനുകൾ വിച്ഛേദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.ഭീമമായ കുടിശ്ശിക നിലനിൽക്കുന്നത് ഭാവിയിൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വരെ തടസ്സം സൃഷ്ടിച്ചേക്കാം.ഇയ്യിനത്തിലുള്ള കുടിശ്ശിക സത്വരമായി പിരിച്ചെടുക്കാനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തെ സ്ഥാപന തൊഴിൽ ഈടാക്കിയിട്ടില്ല.

| സ്ഥാപനം | വർഷം |
|---|---|
| ഇന്ത്യൻ ബാങ്ക് | 2015-16 ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലെ |
| ഐ.സി.ഐ.സി.ഐ ബാങ്ക് | 2015-16 ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലെ |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി-സഞ്ചയ,സാംഖ്യ സോഫ്റ്റ് വെയറുകളിലെ കണക്കുകളിൽ വ്യത്യാസം

വസ്തുനികുതി വരവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വാർഷിക കണക്കുകളും ,വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളും തമ്മിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

തൻവർഷം

| | തൻവർഷ ഡിമാന്റ് | തൻവർഷ കളക്ഷൻ |
|---|---|---|
| വാർഷിക കണക്കുകള് പ്രകാരം | 43,61,396 | 34,47,881 |
| സഞ്ചയയിലെ കണക്കുകൾ പ്രകാരം | 65,76,040 | 32,66,258 |

അരിയർ

| | അരിയർ ഡിമാന്റ് | അരിയർ കളക്ഷൻ |
|---|---|---|
| വാർഷിക കണക്കുകള് പ്രകാരം | - | 20,14,049 |
| സഞ്ജയയിലെ കണക്കുകൾ പ്രകാരം | 84,09,140 | 18,85,947 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയിൽ ചുവടെ ചേർക്കുന്ന കാരണങ്ങളാലാണ് ഇത്തരത്തിൽ വ്യത്യാസം സംഭവിച്ചിട്ടുള്ളത് എന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

1.അടിസ്ഥാന വിവരശേഖരണം കംപ്യൂട്ടറിൽ രേഖപ്പെടുത്തുമ്പോൾ 2013-14 മുതലുള്ള നികുതി പുതിയ കെട്ടിടങ്ങൾക്കും കേറി വന്നിട്ടുണ്ട്.

2.660 ചതുരശ്ര അടിയിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതത് ആയതിനുള്ള അപേക്ഷകൾ ലഭിക്കാത്തതു മൂലവും,വിമുക്ത ഭടന്മാർക്ക് നികുതി ഒഴിവ് നൽകപ്പെട്ടിട്ടുള്ളത് സമയക്കുറവ് മൂലവും നികുതിയിൽ നിന്നും ഒഴിവാക്കി നൽകിയതായി രേഖപ്പെടുത്തി ഡിമാന്റ് ക്രമീകരിച്ചിട്ടില്ല.

വസ്തു നികുതി ഡിമാന്റിൽ വന്ന മേൽ അപാകതകൾ പരിഹരിച്ച് വസ്തു നികുതി സംബന്ധിച്ച കണക്കുകൾ കൃത്യമാക്കേണ്ടതും,നികുതി കുടിശ്ശികയടക്കം ഊർജ്ജിതമായി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ - അർഹതയില്ലാത്തവർക്ക് നൽകിയത് സംബന്ധിച്ച്

പ്രൊജക്ട് : എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ

പ്രൊജക്ട് നമ്പർ : 27/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 4,99,000

ചെലവ് : 4,60,730

എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് സ്ലകൽ എന്ന പ്രൊജക്ടിന് ബിൽ നമ്പർ 13/15-16 dt 10.3.16 പ്രകാരം 4,60,730 രൂപ ഇൻഡസ് ഇ മാർക്കറ്റ്, എസ്.എം സ്ട്രീറ്റ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ഡി.ജി.എസ്. നിരക്കിൽ താഴെ പറയുന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | എണ്ണം | വില | നികുതി | ആകെ |
|---|---|---|---|---|---|
| 1 | 23/8.2.16 | 10 | 39890 | 19945 | 418845 |
| 2 | 29/8.3.16 | 1 | 39890 | 1995 | 41885 |

| | |
|---|---|
| ആകെ | 4,60,730 |

ആയത് 11 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 50,000 രൂപയിൽ കൂടുതലാണ്. ക്രമനമ്പർ 1,2 എന്നിവരുടെ പിതാവിന് ഗവ.ജോലിയുള്ളതായാണ് റേഷൻ കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം വരുമാനം | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|---|
| 1 | മാലിനി. ബി d/o<br>കെ. ഭാസ്കരൻ<br>ചെട്ടിത്തറ ഹൌസ്, വടക്കഞ്ചേരി പി.ഒ | M.SC. ഇലക്ട്രോണിക്സ് | 55488 | 7830740/ 27.08.14<br>VO, വടക്കഞ്ചേരി 1 |
| 2 | ശാലിനി .ബി d/o കെ. ഭാസ്കരൻ<br>ചെട്ടിത്തറ ഹൌസ്, വടക്കഞ്ചേരി പി.ഒ | M.SC. ഇലക്ട്രോണിക്സ് | 55488 | 7830740/ 27.08.14<br>VO, വടക്കഞ്ചേരി 1 |
| 3 | പവിത്ര. വി d/o<br>കെ. വിജയൻ<br>വിജയ നിവാസ്<br>അഞ്ചുമൂർത്തി പി.ഒ | B.ed<br>മാത്ത്സ് | 111000 | 13046673/<br>16.07.15<br>VO, വടക്കഞ്ചേരി |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (12/21.12.16) നൽകിയതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 125655 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് : മീഡിയാശ്രീ

പ്രൊജക്ട് നമ്പർ : 164/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 65,000 (പ്ലാൻ-ജനറൽ )

ചെലവ് : 65,000

ബിൽ നമ്പർ : 3/15-16 dt 20.06.15

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മീഡിയാശ്രീ എന്ന പ്രോജക്ട് നടപ്പാക്കുന്നതി

ലേക്കായി 65000/-രൂപ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കുടുംബശ്രീ മിഷൻ, തിരുവനന്തപുരം) നൽകി യിട്ടുണ്ട്. ആയതിന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം(12/21.12.16) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിന ത്തിൽ ചെലവഴിച്ച 65,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം. 84/97 PW&T/ 19-8-97 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്ന സംഗതിയിൽ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്. കരാറു കാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ, കരാറുകാരന്റെ അപേക്ഷയിൻമേൽ AE യുടെ ശുപാർശയോടെ യഥാർഥ കാലാവധിയുടെ 20% ഗ്രേസ് പീരയെഡ് അനുവദിച്ച് തുടർന്നുള്ള കാലത്തേക്ക് ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | സൈറ്റ് കൈമാറിയ തീയ്യതി | എഗ്രീഡ് പി.എ.സി. | പൂരത്തീകരി ക്കേണ്ട തീയ്യതി | പൂർത്തീകരിച്ച തീയ്യതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|---|
| 1 | SO 160/15 | അമ്പാഴക്കോട് കിണറിൽ മോട്ടോർ സ്ഥാപിച്ച് ടാങ്ക് നിർമാണം | 12-2-2015 | 120000 | 31-3-2015 | 25-4-2015 | കെ. ഉദയകുമാർ |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/15-12-16ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തിയുടെ അളവ് നിർണയം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

പ്രോജക്ട് നം. SO 16/16 – കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ മെയിന്റനൻസ് (തനത് ഫണ്ട്)എന്ന പ്രവൃത്തിക്ക് വേണ്ടി വൗച്ചർ നം.21500441/13-8-15 പ്രകാരം 505157/-രൂ. കോൺട്രാക്ടറായ ശ്രീ. ഉദയകുമാറിന് നൽകിയിട്ടുണ്ട്. കൂടാതെ വൗച്ചർ നം. 21500442/13-8-15 പ്രകാരം 5103/-രൂ. ഇൻകം ടാക്സ് അടവാക്കുന്നതിന് വേണ്ടിയും ചെലവഴി ച്ചിട്ടുണ്ട്. മേല്പറഞ്ഞ മരാമത്ത് പ്രവൃത്തിയിൽ ഇൻകം ടാക്സ് ഒഴികെ മറ്റു നികുതികൾ പിടിച്ച് അടവാക്കി യിട്ടില്ല. കൂടാതെ എം.ബുക്കിൽ അളവുകളും ആയതിന്റെ തുകയും രേഖപ്പെടുത്തിയിട്ടില്ല. ഓവർസിയറുടെ ഒരു completion certificate മാത്രമാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ ആകെ ചെലവ് തുക 510260/-രൂ. തടസ്സത്തിൽ വെയ്ക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.14ന് നൽകിയ മറുപടിയിൽ നികുതികൾ ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

## 3-5 ആവശ്യകത നിർണയിക്കാതെ മരുന്നുകൾ വാങ്ങുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നു. തുക തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 21501267/26-2-2016 പ്രകാരം ഹോമിയോ മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന് 150000/-രൂ. ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. കേരളാ സ്റ്റേറ്റ്

ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, മാരാരിക്കുളം സൗത്ത്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച് താഴപ്പറയുന്ന അപാകതകൾ കാണുന്നു.

1) മരുന്നുകളുടെ ആവശ്യകത നിർണയിച്ചുകൊണ്ട് ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ല

2)മരുന്നുകൾ ഇതുവരെ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, മാരാരിക്കുളം സൗത്ത്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് പിന്നീട് കത്തിടപാടുകൾ നടത്തി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14ന് ലഭിച്ച മറുപടിയിൽ ആവശ്യകത നിർണയിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ഹാജരാക്കാം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്റ്റ് നിർവ്വഹണം നടന്നതിനുശേഷം ആയത് ലഭ്യമാകുന്ന തിൽ പ്രയോജനമൊന്നുമില്ല. ആയതിനാൽ ചെലവ് തുക150000/-രൂ. തടസ്സപ്പെടുത്തുന്നു

## 3-6 കുടുംബശ്രീ മാലിന്യ സംസ്കരണം- തുക ചെലവഴിച്ചത് സംബന്ധിച്ച്

പ്രൊജക്ട് : കുടുംബശ്രീ ഖരമാലിന്യ സംസ്കരണം - SCP

പ്രൊജക്ട് നമ്പർ : 25/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 3,00,000

ചെലവ് : 3,00,000

കുടുംബശ്രീ മാലിന്യ സംസ്കരണം എന്ന പ്രൊജക്ടിനു വേണ്ടി 3,00,000 രൂപ വികസന ഫണ്ടിൽ ( SCP) നിന്നും താഴെ പറയുന്ന ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഖരമാലിന്യ സംസ്കരണ യൂണിറ്റിന്റെ പേര് | നൽകിയ തുക | ഡി.ഡി. നമ്പർ |
|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണ യൂണിറ്റ് പ്ലാന്റ്, മംഗലം | 1,50,000 | 2009654 /4.5.16 |
| 2 | ഖരമാലിന്യ സംസ്കരണ യൂണിറ്റ് പ്ലാന്റ്, ടൌൺ | 1,50,000 | 2009655 / 6.5.16 |

ഗ്രാമ പഞ്ചായത്തിലെ മംഗലം, വടക്കഞ്ചേരി, എന്നീ രണ്ട് എസ്.സി. കുടുംബശ്രീ യൂണിറ്റുകൾക്ക് ഖരമാലിന്യം ശേഖരിച്ച്
പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സ്ഥലത്ത് എത്തിക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്. എസ്.സി ഫണ്ട് വിനിയോഗത്തിന് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളിൽ എസ്.സി.ഫണ്ട് ഖരമാലിന്യ സംസ്കരണത്തിന് ഉപയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എസ്.സി. ഫണ്ട് ഉപയോഗിച്ചതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഖരമാലിന്യം ശേഖരിക്കുന്ന പ്രവൃത്തി ചെയ്യുന്ന അംഗങ്ങൾ ഓരോ ദിവസവും ഖരമാലിന്യം ശേഖരിക്കേണ്ട സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, ശേഖരിക്കേണ്ട തുക എന്നിവയെക്കുറിച്ചുള്ള വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കിയതായി കാണുന്നില്ല.

സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്തിൽ നിന്നും രശീതി നൽകേണ്ടതും ആയതിന്റെ സ്റ്റോക്ക് സൂക്ഷിക്കേണ്ടതുമാണെന്ന് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും പാലിക്കപ്പെട്ടിട്ടില്ല. ആയത് പ്രസ്തുത യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനു വേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം വികസന ഫണ്ടിൽ നിന്നും ശമ്പളം നൽകാൻ പാടില്ല. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടി പ്രൊജക്ട് നടപ്പിലാക്കാതെ ശമ്പളത്തിനു വേണ്ടി മാത്രം എസ്.സി.പി ഫണ്ടിൽ നിന്നും തുക നൽകുന്നത് ക്രമ പ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/21.12.16) തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വി.ഇ.ഒ – പ്രൊജക്ട് അവലോകനം സംബന്ധിച്ച്

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടുകൾ പരിശോധിച്ചതിൽ ചെലവഴിച്ച തുക വളരെ കുറവായി കാണുന്നു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | മേഖലാ ചുമതലകൾ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ്% |
|---|---|---|---|---|---|---|---|
| 1 | വി.ഇ.ഒ | സേവനം | 2 | - | 77,00,000 | 0 | 0 |
| 2 | ലേഡി വി.ഇ.ഒ | സേവനം | 4 | 1 | 49,20,000 | 17,20,000 | 35 |

ഗുണഭോക്തൃ ലിസ്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഉണ്ട്. എങ്കിലും പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ബയോഗ്യാസ് പ്ലാന്റ് (ജനറൽ) | 86 | - |
| 2 | കക്കൂസ് നിർമ്മാണം (ജനറൽ) | 330 | - |
| 3 | വീട് അഭിവൃദ്ധി പ്പെടുത്തൽ | 978 | 86 |

ഇത്രയും പ്രൊജക്ടുകൾ ഉണ്ടായിട്ടും നടപ്പിലാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (5/12.12.16) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഭരണസമിതി യുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 കുടിവെള്ള പരിപാലനം പഞ്ചായത്തിന് വൻ ബാദ്ധ്യത ഉണ്ടാക്കുന്നു.

തൻവർഷം പഞ്ചായത്ത് പരിപാലിക്കുന്ന നിലവിലുള്ള 72 കുടിവെള്ള പദ്ധതികളുടെ വരവ് ചെലവ് സംബന്ധിച്ച പരിശോധനയുടെ അടിസ്ഥാനത്തിൽ താഴപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

-----ആകെയുള്ള 72 പദ്ധതികളിൽ ആകെ 2059 ഗുണഭോക്തക്കളാണ് ഉള്ളത്. എന്നാൽ ടി ഗുണഭോക്താക്കൾ ഏതൊക്കെ പദ്ധതികളിൽ ഉൾപ്പെടുന്നവരാണ് എന്ന് വേർതിരിച്ച് കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

-----തൻവർഷം 1252200രൂ. ഡിമാന്റ് നടത്തിയതിൽ 673500രൂ. മാത്രമാണ് വരവ് ഉള്ളത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം.വൈദ്യതി ചാർജ് , വേജസ് , മെയിന്റനൻസ് എന്നിവയ്ക്കായി യഥാക്രമം 2519056, 905900, 2588402 ആകെ തൻവർഷം കുടിവെള്ള പദ്ധതികൾക്കായി 6013358രൂ. ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

-----കുടിവെള്ള കണക്ഷനുകളിൽ മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടില്ല. ഉപയോഗം പരിഗണി ക്കാതെ മാസം 50 രൂ. വീതം ഓരോ ഗുണഭോക്താവിനും വാട്ടർചാർജ് നിജപ്പെടുത്തിയിരി ക്കുകയാണ് ചെയ്തിരിക്കുന്നത്.

----തൻവർഷം പുതുതായി പൂർത്തീകരിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ തച്ചാംകുന്ന് കുടിവെള്ള പദ്ധതി, കാളംകുളം തുറവക്കുന്ന് കുടിവെള്ള പദ്ധതി, വടക്കേത്തറ വാവുള്ളിയാർക്കാട് കുടിവെള്ള പദ്ധതി എന്നിവ മാത്രമാണ് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുള്ളത്. കുടിവെള്ള പദ്ധതികളുടെ പരിപാലനം ഗുണഭോക്തൃസമിതികളെ ഏല്പിപ്പിക്കണം എന്ന സർക്കാർ നിർദേശം പാലിച്ച് കാണു ന്നില്ല.

## 3-9 എബിസി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് : എ.ബി.സി. പ്രോഗ്രാം

പ്രൊജക്ട് നമ്പർ : 247/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

അടങ്കൽ : 3,50,000

ചെലവ് : 3,50,000

ബിൽ നമ്പർ : 2/15-16 dt 29.02.16

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'തെരുവ് നായ്ക്കളുടെ വന്ധ്യംകരണം' എന്ന പദ്ധതിക്കു വേണ്ടി വെറ്ററിനറി സർജ്ജൻ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 350000/-രൂപ സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും (ഡി.ഡി.നമ്പർ-450363/29.02.16) ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - ജില്ല, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ

പ്രൊജക്ട് നമ്പർ : 43/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ : 2,50,000

ചെലവ് : 2,50,000

2015-16 വർഷത്തിൽ ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ എന്ന പ്രൊജക്ടിന് പദ്ധതി വിഹിതത്തിൽ നിന്നും 3,09,000 രൂപ ബിൽ നമ്പർ 7/15-16 dt 18.03.16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

സർക്കുലർ നമ്പർ 20719/FM 1/2011 ത.സ്വ.ഭ.വ തീയ്യതി 9.5.11പ്രകാരം ഒരു ഗ്രാമപഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ജില്ലാ പഞ്ചായത്തോ മറ്റ് തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടാതെ സ്വന്തം വിഹിതം മാത്രമുപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ അതല്ലെങ്കിൽ രണ്ട് തലങ്ങളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ ആ രീതിയിൽ നടപ്പാക്കാവുന്നതാണ്.

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ലഭ്യമായി ട്ടില്ല. ആയത് ലഭ്യമാക്കിയിരുന്നുവെങ്കിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ധനസഹായം ലഭ്യമാകുമായി രുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-11 അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗൺവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം 2014-15-ൽ ഗ്രാമപഞ്ചായത്തിലെ അംഗൺവാടികളിൽ നടന്നിട്ടില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതു മാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാ ക്കേണ്ടതുമാണ്.

## 3-12 ഐ.എ.വൈ വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.എ.വൈ വിഹിതമായി താഴെ പറയും പ്രകാരം തുകകൾ ആലത്തൂർ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | ബിൽ നമ്പർ/ തീയ്യതി | തുക |
|---|---|---|---|---|
| 1 | 23 | IAY അധിക വിഹിതം- SCP | 2/15-16 dt 20.6.15 | 10,00,000 |
| 2 | 48 | IAY അധിക വിഹിതം- TSP | 9/15-16 dt 26.2.16 | 45,000 |

ആയതിൽ ക്രമ നമ്പർ 1-ന്റെ വിനിയോഗ സാക്ഷ്യപത്രവും ക്രമനമ്പർ 2-ന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (12/21.12.16) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

ഇല്ല

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 4,23,000 | നെൽ കൃഷി പ്രാരംഭ ചെലവിനുള്ള സഹായം (ജനറൽ)-30/16 | 4,23,000 | 0 |
| | 15,300 | നെൽ കൃഷി പ്രാരംഭ ചെലവിനുള്ള സഹായം (എസ്.സി.പി)-33/16 | 15,300 | 0 |
| ജില്ലാ പഞ്ചായത്ത് | 7,05,000 | നെൽ കൃഷി പ്രാരംഭ ചെലവിനുള്ള സഹായം (ജനറൽ)-30/16 | 7,05,000 | 0 |
| | 25,500 | നെൽ കൃഷി പ്രാരംഭ ചെലവിനുള്ള സഹായം (എസ്.സി.പി)-33/16 | 25,500 | 0 |

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അണക്കപ്പാറ വഴകക്കോട് ഇലക്ട്രിക്ക് ലൈൻ വലിക്കൽ(പ്രൊജക്ട് നം.115/16) | Dd no.621832 dtd.16.10.2015 | 55,000 | പ്രവർത്തികൾ നടന്ന വരുന്ന | - |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഇല്ല

4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. -

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS, ഭവന | G.O.647/2010/ L.S.G.D. | 15385000 | 7515000 | 1500000 | - | 6015000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പദ്ധതി | 25-2-2010 | | | | | |

4-5സ്ഥിരനിക്ഷേപങ്ങൾ -

ഇല്ല

4-6ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | തുക അടവാക്കിയ രസീതി നം./ തീയ്യതി/തുക | തുക അടവാക്കിയ ആളുടെ പേര് | റിമാർക്സ് |
|---|---|---|---|
| 2011-12 | 11501106984/ 25-6-2015/ 7881രൂ. | ഐ.അലി, സെക്രട്ടറി | - |

4-7സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം -

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2001-02 | 2005-06, 2.5.3.1 | കട മുറി വാടക ഇനത്തിൽ കുടിശ്ശിക സംബന്ധിച്ച് | നടപടികൾ തുടർന്ന് വരുന്നു. |

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി കൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിൽ പ്രാഥമിക ആരോഗ്യകേന്ദ്രം വടക്കഞ്ചേരി, ആയുർവ്വേദ ആസ്പത്രി എന്നിങ്ങനെ രണ്ട് സർക്കാർ ആസ്പത്രികളാണ് ഉള്ളത്.ഇവയിൽ നിന്ന് ചാർട്ടേഡ് അക്കൌണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്ത അക്കൌണ്ടുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

4-9.ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70251376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89461518 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 850915 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം -

ഇല്ല

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 125655 | കെ.നാരായണൻ, അസി. സെക്രട്ടറി |
| 3-2 | 65000 | കെ.നാരായണൻ, അസി. സെക്രട്ടറി |
| 3-3 | 510260 | ടി.കണ്ണൻ, സെക്രട്ടറി |
| 3-4 | 150000 | ടി.കണ്ണൻ, സെക്രട്ടറി |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ.

ഇല്ല

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | LFP(-307/98/14.12.98 |
| 1997-98 | LFP10-908/99/26.05.2000 |
| 1998-99 | LFP10-847/02/12.09.2002 |
| 2000-01 | Plan LFP10-1056/06/08.10.07 |
| 2000-01 | LFP10-853/06/28.03.06 |
| 2001-02 | LFP10-24/05/17.04.06 |
| 2002-03 | LFP10-277/11/17.03.11 |
| 2003-04 | LFP10-1547/09/13.10.10 |
| 2004-05 | LFP10-548/09/06.10.10 |

| | |
|---|---|
| 2006-07 | LFP10-549/09/21.01.11 |
| 2007-08 | LFP10-1948/13/7.11.13 |
| 2008-09 | LFP10-764/13/4.06.13 |
| 2009-10 | LFP10-1210/13/28.10.13 |
| 2010--11 | LFP10-1210/13/28.10.13 |
| 2011-12 | LFP10-1948/14/22.11.14 |
| 2012-13,13-14 | KSA PKD-10/1620/15/<br>03.12.15 |
| 2014-14 | നം.കെ.എസ്.എ.പി.കെ.ഡി.10-1390/16<br>/8-8-2016 |

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം 1

CERTIFICATE

Certified that I have examined the Annual Financial Statement of VADAKKANCHERI GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

in my opinion the financial statements of VADAKKANCHERI GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

VADAKKANCHERI GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

2. Budget is not prepared on function -fuctionary basis.

3. The figures shown as the arrear & current balance of property tax in AFS (2015-16) are not in agreement with the figures shown in DCB statement and Sanchaya Software.

Deputy Director

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങ ളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 31.3.16-ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യ പ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പി ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016 ന്യൂനതാ സംഗ്രഹം

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3.സാംഖ്യ കണക്കുകൾ പ്രകാരമുള്ള വസ്തുനികുതിയുടെ ബാലൻസും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തുനികുതിയുടെ ബാലൻസും പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ